**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 98** **11-09-2023 - ൽ മറുപടിയ്ക്ക്**

**തീരദേശ ഹൈവേയുടെ ഡി.പി.ആർ.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ്,<br>ശ്രീ. ഷാഫി പറമ്പിൽ ,<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | തീരദേശ ഹൈവേയുടെ എല്ലാ സോണുകളിലെയും ഡി.പി.ആർ. പൂർണ്ണമായും തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ ആയത് പൊതുജനങ്ങളുടെ അറിവിലേക്കായി പ്രസിദ്ധീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | തീരദേശ ഹൈവേയുടെ 520 കി.മീ വരുന്ന 44 റീച്ചുകളാണ് കെ.ആർ.എഫ്.ബി-പി.എം.യു വഴി നിർമ്മിക്കുന്നത്. ഇതിൽ എട്ട് റീച്ചുകളുടെ വിശദപദ്ധതിരേഖ കിഫ്ബിയിൽ സമർപ്പിക്കുകയും സാമ്പത്തിക അനുമതി ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. രണ്ടു പാലങ്ങളുടെ വിശദപദ്ധതിരേഖ കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. ലഭ്യമായ പദ്ധതിരേഖയുടെ വിശദാംശങ്ങൾ ജനപ്രതിനിധികളുമായി ചർച്ച ചെയ്തും ജനങ്ങൾക്ക് മുമ്പാകെ അവതരിപ്പിച്ചുമാണ് പ്രവർത്തനങ്ങൾ മുന്നോട്ടുപോകുന്നത്.<br><br>തീരദേശ ഹൈവേയുടെ ഭാഗമായി പൊന്നാനി അഴിമുഖത്തിന് കുറുകെ കേബിൾ സ്റ്റേയ്ഡ് ബ്രിഡ്ജ് നിർമ്മിക്കുന്നതിനും ആയതിന്റെ അപ്രോച്ച് റോഡും നിലവിലെ പൊന്നാനി ടൗണിലെ റോഡ് വീതി കൂട്ടുന്നതിനുമായി 4.8 കി.മീ., വികസിപ്പിക്കാൻ ആർ.ബി.ഡി.സി.കെ. യെ ചുമതല പ്പെടുത്തിയിട്ടുണ്ട്. ഈ 4.8 കി.മീ. ന് വിശദപദ്ധതിരേഖ ആർ.ബി.ഡി.സി.കെ. തയ്യാറാക്കുകയും ആയതിന് കിഫ്ബിയുടെ അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്. ആർ.ബി.ഡി.സി.കെ യുടെ വെബ്സൈറ്റിൽ പദ്ധതിയുടെ അലൈൻമെന്റും പദ്ധതി വിശദാംശങ്ങളും പൊതുജനങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത ഹൈവേയുടെ അംഗീകൃത ഡി.പി.ആർ. പ്രസിദ്ധീകരിക്കാതെ ഭൂമി ഏറ്റെടുക്കൽ നടപടികളുമായി മുന്നോട്ട് പോകുന്നത് പദ്ധതി പ്രദേശത്തെ ജനങ്ങളെ വിശ്വാസത്തിൽ എടുക്കാത്ത നടപടി ആണെന്ന ആക്ഷേപത്തിന്റെ നിജസ്ഥിതി വ്യക്തമാക്കുമോ; | (ബി) | സാമൂഹിക ആഘാത പഠനത്തിന് മുന്നോടിയായും വിശദപദ്ധതിരേഖയുടെ വിശദാംശങ്ങൾ ജനങ്ങൾക്ക് മുമ്പാകെ അവതരിപ്പിക്കുന്നുണ്ട്. ഇതോടൊപ്പം റീഹാബിലിറ്റേഷൻ പദ്ധതിക്കുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി നിയോഗിച്ചിട്ടുള്ള തീരദേശവികസന കോർപ്പറേഷൻ വീടുകളിൽ എത്തുകയും പദ്ധതി സംബന്ധിച്ച് ജനങ്ങളെ അറിയിക്കുകയും ചെയ്യുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | സംസ്ഥാനത്തെ തീരദേശ മേഖലയുടെ സമഗ്രവികസനം ലക്ഷ്യമിട്ടാണ് തീരദേശപാത നിർമ്മിക്കുന്നത്. തീരദേശ പാതയുടെ ഓരോ റീച്ചുകളുടെയും അലൈൻമെന്റ് സംബന്ധിച്ചും, പ്രവൃത്തി സംബന്ധിച്ചും ബന്ധപ്പെട്ട ജനപ്രതിനിധികളുമായി ആശയവിനിമയം നടത്തിയാണ് മുന്നോട്ട് പോകുന്നത്. തദ്ദേശസ്ഥാപന പ്രതിനിധികളുമായി ചർച്ച ചെയ്യും പദ്ധതി സംബന്ധിച്ച കാര്യങ്ങൾ കൃത്യമായി വിശദീകരിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി സംബന്ധിച്ച് ജനങ്ങളുടെ അഭിപ്രായവും കണക്കിലെടുത്താണ് പ്രവർത്തനം. ഇതോടൊപ്പം പദ്ധതിയുടെ റീഹാബിലിറ്റേഷൻ പ്രവൃത്തികൾക്കുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിൾസ് ആയി നിയോഗിച്ചിട്ടുള്ള തീരദേശ വികസന കോർപ്പറേഷൻ വീടുകളിൽ എത്തി പദ്ധതിയെക്കുറിച്ച് ജനങ്ങളെ അറിയിക്കുന്നുണ്ട്. സ്ഥലം ഏറ്റെടുക്കും മുമ്പ് സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ ഇവിടെ സ്വീകരിക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി പബ്ലിക് ഹിയറിംഗ് ഉൾപ്പെടെയുള്ളവ സംഘടിപ്പിക്കുന്നുണ്ട്. മികച്ച പുനരധിവാസ പാക്കേജ് കൂടി പദ്ധതിക്കായി തയ്യാറാക്കിയിട്ടുണ്ട്. |
| (സി) | അംഗീകൃത ഡി.പി.ആർ. പൊതുജനങ്ങൾക്ക് ലഭ്യമാക്കി സുതാര്യമായ രീതിയിൽ പദ്ധതി നിർവ്വഹണം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ ? | (സി) | സംസ്ഥാനത്ത് തീരദേശ പാതയുടെ നിർമ്മാണം സംബന്ധിച്ച കാര്യങ്ങൾ പദ്ധതി പ്രദേശത്തെ ജനങ്ങളെ അറിയിച്ചാണ് പ്രവർത്തനങ്ങൾ തയ്യാറാക്കുന്നത്. അംഗീകരിക്കപ്പെട്ട വിശദപദ്ധതിരേഖയുടെ വിശദാംശങ്ങൾ പൊതുജനങ്ങളെ അറിയിച്ചാണ് പ്രവൃത്തി നടക്കുന്നത്. ഇതിനായി ജനപ്രതിനിധികളുടെ യോഗവും, പ്രാദേശികമായി ജനങ്ങൾ പങ്കെടുത്ത യോഗവും വിളിച്ച് ചേർക്കുന്നുണ്ട്. ഇത്തരം യോഗങ്ങളിൽ പദ്ധതിരേഖയുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ അറിയിക്കാറുണ്ട്. പുനരധിവാസ പദ്ധതിയുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയ തീരദേശവികസന കോർപ്പറേഷൻ പദ്ധതിയെ സംബന്ധിച്ച് ജനങ്ങളെ അറിയിക്കുന്നുണ്ട് വീടുകളിലെത്തിയാണ് ജനങ്ങളോട് പദ്ധതിയെക്കുറിച്ച് സംസാരിക്കുന്നത്. |

സെക്ഷൻ ഓഫീസർ